"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം കോർപറേഷൻ, മാണിക്യവിളാകം വാർഡിൽ വ്യാജരേഖകൾ ചമച്ച് വീടിനും വസ്തുവിനും ധനസഹായം കൈപ്പറ്റിയതായുള്ള പരാതി - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271-ജെ പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.716/2025/LSGD തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.02.2024 തീയതിയിലെ E19(PE 6/2023/SIU 1) 9189/2023/DVACB കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.11.2024 തിയതിയിലെ LSGD/PD/20739/2024-VIGA2-(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയുടെ PMAY LIFE പദ്ധതിയിൽ വ്യാജ രേഖ സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റി എന്നത് സംബന്ധിച്ച് തിരുവനന്തപുരം മേയർ സമർപ്പിച്ച പരാതിയിൽ തിരുവനന്തപുരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ PMAY LIFE പദ്ധതിയിൽ തിരുവന്തപുരം നഗരസഭയിൽ പുത്തൻപള്ളി, മാണിക്യവിളാകം വാർഡുകളിൽ 2019-2020, 2020-2021, 2021-2022 , 2022-23 വർഷത്തിൽ ആനുകൂല്യം ലഭിച്ചവരിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യത്തിൽ ആഭ്യന്തര വിജിലൻസിന്റെ അന്വേഷണം നടത്തുന്നതിന് പരാമർശം - 1 പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.അതിൻപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം ജോയിന്റ് ഡയറക്ടർ ഓഫിസിലെ ഇന്റേർണൽ വിജിലൻസ് നടത്തിയ അന്വേഷണ റിപ്പോർട്ട് പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി

2) പ്രസ്തുത റിപ്പോർട്ട് പ്രകാരം 2019-20 വർഷത്തിൽ PMAY LIFE പദ്ധതിയിൽ

തിരുവനന്തപുരം നഗരസഭ കൗൺസിൽ അംഗീകരിച്ച മാണിക്യവിളാകം വാർഡിൽ വസ്തുവാങ്ങുന്നതിന് ധനസഹായം നൽകേണ്ടവരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി മീനു. എസ് എന്ന വ്യക്തി വാർഡ് കൗൺസിലറുടെയും വില്ലേജ് ഓഫീസറുടെയും സാക്ഷ്യപത്രങ്ങളും, മറ്റ് മതിയായ എല്ലാ രേഖകളും ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയത്. 2021-2022 ൽ ടിയാൾ നിദ ഫാത്തിമ എന്ന പേരിൽ പുത്തൻപള്ളി വാർഡ് കൗൺസിലറുടെയും വില്ലേജ് ഓഫീസറുടെയും സാക്ഷ്യപത്രങ്ങളും, മറ്റ് മതിയായ എല്ലാ രേഖകളും ഹാജരാക്കുകയും ടി രേഖകളുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് രണ്ടാമതും ആനുകൂല്യം നൽകുകയും ചെയ്തു. എന്നാൽ ഒരിക്കൽ ആനുകൂല്യം ലഭിച്ച ടിയാളെ ലൈഫ് പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന വ്യക്തിയായിരുന്നിട്ടും മറ്റൊരുപേരിൽ ആനുകൂല്യത്തിനായി ശിപാർശ ചെയ്യുകയും, സാക്ഷ്യപത്രം നൽകുകയും ചെയ്ത വാർഡ് കൗൺസിലറുടെ നടപടി സംശയാസ്പദമാണ്.

3) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി മീനു. എസ് എന്ന വ്യക്തിയെ ലൈഫ് പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന വ്യക്തിയായിരുന്നിട്ടും മറ്റൊരുപേരിൽ ആനുകൂല്യത്തിനായി ശിപാർശ ചെയ്യുകയും, സാക്ഷ്യപത്രം നൽകുകയും ചെയ്ത വാർഡ് കൗൺസിലറുടെ നടപടി സംശയാസ്പദമാണെന്ന മേൽ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ടി വിഷയം 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം

കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/204/2024-LSGD].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by

Ajith Kumar K A

Date: 18-03-2025 09:57:39

പകർപ്പ്:- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.